പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 402 18.10.2011-ൽ മറുപടിക്ക്.

## ഓഫീസുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. സി.പി മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ.സണ്ണിജോസഫ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 13 ജില്ലാ ഓഫീസുകളുടെയും 32 ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളുടെയും നവീകരണത്തിനായി 1 കോടി രൂപയും ഡയറക്ടറേറ്റിനും അനുബന്ധ ഓഫീസുകൾക്കുമായി 25 ലക്ഷം രൂപയുമാണ് 2010-2011 - ൽ അനുവദിച്ചിട്ടുള്ളത്. 24 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെയും 64 ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെയും നവീകരണത്തിനായി 2 കോടി രൂപയും, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും അനുബന്ധ ഓഫീസുകളുടെയും നവീകരണത്തിനായി 30 ലക്ഷം രൂപയുമാണ് 2011-2012 ൽ വകയിരിത്തിയട്ടുള്ളത്. സർവ്വ ശിക്ഷാഅഭിയാന്റെ |

2011-2012-ലെ വാർഷിക പദ്ധതിയിൽ സംസ്ഥാനത്തെ 159 ബി.ആർ.സി (ബ്ളോക് റിസോഴ്സ് സെന്റർ) കെട്ടിടങ്ങളുടെ നവീകരണത്തിനായി അഞ്ചുലക്ഷം രൂപ വീതം 7.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നവീകരണം പൂർത്തികരണാ വസ്ഥായിലാണ്.

എസ്.സി.ഇ.ആർ.ടി നവീകരണത്തിന്റെ ഭാഗമായി ഓഫീസ് സെക്ഷനുകൾ കമ്പ്യൂട്ടർ വൽക്കരിച്ച് ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.അതോടൊപ്പം നവീകരിച്ച കോൺഫറൻസ് ഹാളിൽ ഒരേ സമയം 68 പ്രതിനിധികൾക്ക് പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ എല്ലാവിധ ആധുനിക ഇലക്ട്രോണിക് സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസുകൾ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ നവീകരിക്കുവാനും ഇന്റർനെറ്റുവഴി ബന്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ബി) പൊതുവിദ്യാഭ്യാസം (സ്കൂൾ വിദ്യാഭ്യാസം), സെക്കന്ററി വിദ്യാഭ്യാസം, സർവ്വശിക്ഷാ അഭിയാൻ, സാക്ഷരതാമിഷൻ എന്നീ ഓഫീസുകളിൽ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിച്ച് ഇന്റർനെറ്റ് വഴി മറ്റ് ഓഫീസുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസം, എസ്.സി.ഇ.ആർ.ടി, സീമാറ്റ്, എന്നീ ഓഫീസുകളെ മറ്റ് ഓഫീസുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഇന്റർനെറ്റ് സംവിധാനം

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (സി) | ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (സി) | പൊതുവിദ്യാഭ്യാസ (സ്കൂൾ വിദ്യാഭ്യാസം)ത്തിന് കീഴിലുള്ള ഓഫീസുകളുടെ നവീകരണത്തിനായി 2011-2012-ൽ 230 ലക്ഷം രൂപയും, ഹയർസെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ 2010-11 ൽ 79.70 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. സർവ്വ ശിക്ഷാ അഭിയാൻ, 2011-2012 -ൽ 954 ലക്ഷം രൂപയാണ് നവീകരണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ